(സി) പൊതുജനങ്ങളുമായി നിരന്തര സമ്പർക്കമുള്ളതും, കമ്പ്യൂട്ടർവൽക്കരണംമൂലം സർക്കാർ വരുമാനം വർദ്ധിക്കുവാൻ ഇടയുള്ളതുമായ വകുപ്പുകൾക്കാണ് കമ്പ്യൂട്ടർവൽക്കരണത്തിന് മുൻഗണന നൽകിയിട്ടുള്ളത്. ഐ.റ്റി. നടത്തിപ്പിനായുള്ള കർമ്മസമിതിയുടെ ഇതിന്മേലുള്ള ശുപാർശ അനുസരിച്ച് 34 വകുപ്പുകളെ മുൻഗണനാ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

43 (43) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

ശ്രീമതി ശോഭനാജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31.12.1998 വരെ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) 1996 മെയ് മാസത്തിന് തൊട്ടുമുമ്പുള്ള 33 മാസക്കാലത്ത് പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തി;

(സി) മുൻഗവൺമെന്റ് 1996 മെയ് മാസത്തിനു തൊട്ടുമുമ്പുള്ള 33 മാസക്കാലം നടത്തിയ നിയമനത്തേക്കാൾ ഈ ഗവൺമെന്റിന്റെ 33 മാസക്കാലത്തെ ഭരണത്തിൽ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങളുടെ എണ്ണം കൂടുതലാണോ കുറവാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.12.1998 വരെ 56209 പേരെ വിവിധ തസ്തികകളിലേക്ക് പി.എസ്.സി. നിയമന ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) 40573 പേർക്ക് നിയമന ശുപാർശ നൽകി.

(സി) കൂടുതലാണ്.

(ഡി) ഏകദേശം 38.53 ശതമാനം കൂടുതലാണ്.

44 (44) പി.എസ്.സി. നിയമനങ്ങളുടെ നടപടിക്രമം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോർപ്പറേഷനുകളിലെ അസിസ്റ്റന്റ് ഗ്രേഡ്-2 പോലുള്ള സമാനതസ്തികൾക്ക്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലെ നിയമനം നടത്തുന്നതുപോലുള്ള ഒരു പൊതുവായ പരീക്ഷ നടത്തി അതിൽനിന്നും ആവശ്യാനുസരണം നിയമനം നടത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) എൽ.ഡി.സി. അസിസ്റ്റന്റ് ഗ്രേഡ് 2-ൽ തുടങ്ങിയ ക്ലറിക്കൽ ഉദ്യോഗങ്ങളിൽപ്പോലും വിജ്ഞാപനം നടത്തി നിയമനം നൽകാൻ പി.എസ്.സി. കുറഞ്ഞത് അഞ്ചുവർഷത്തോളം എടുക്കുമ്പോൾ എസ്.എസ്.സി., യു.പി.എസ്.സി. തുടങ്ങിയ ഏജൻസികൾ സമയബന്ധിതമായി വളരെ വേഗത്തിൽ കാര്യങ്ങൾ നടത്തുന്നു എന്ന വസ്തുത കണക്കിലെടുത്ത് ആക്ഷേപകരമായ

LIBRARY ARCHIVES Kerala Legislative Assembly